"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്-തിയേറ്ററുകളിൽ ഉഷ്ണകാല ബോധവത്കരണം സംബന്ധിച്ച പരസ്യം പ്രദർപ്പിച്ചതിന് ചെലവായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ ) വകുപ്പ്

സ.ഉ.(സാധാ) നം.457/2025/DMD തീയതി,തിരുവനന്തപുരം, 03-07-2025

പരാമർശം:-

1. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, മെമ്പർ സെക്രട്ടറിയുടെ 26.06.2024 ലെ MTO VIII/437/2024/SDMA-KSDMA നമ്പർ നടപടിക്രമം
2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, മെമ്പർ സെക്രട്ടറിയുടെ 26.06.2024 ലെ MTO VIII/436/2024/SDMA-KSDMA നമ്പർ നടപടിക്രമം
3. 26/04/2025 ന്റെ നടന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

Qube Cinema Technologies Pvt. Ltd-ൽ നിന്നും ദുരന്തവുമായി ബന്ധപ്പെട്ട തിയേറ്ററുകളിൽ പരസ്യം നൽകുന്നതിന് പ്രൊപ്പോസൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തിയേറ്ററുകളിൽ ഉഷ്ണകാല ബോധവത്കരണം സംബന്ധിച്ച പരസ്യം പ്രദർശിപ്പിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തീരുമാനിക്കുകയും, പ്രസ്തുത പ്രൊപ്പോസലുകൾ പ്രകാരം 14 ദിവസത്തെ പ്രദർശനം അനുവദിച്ച് കൊണ്ട് Qube Cinema Technologies Pvt Ltd-ന് വർക്ക് ഓർഡർ നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 08/03/2024 മുതൽ 21/03/2024 തീയതിവരെയുള്ള ദിവസങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുകയും 14 ദിവസത്തെ പരസ്യം പ്രദർശിപ്പിച്ചത്തിന്റെ തുകയായ ₹5,15,312/- രൂപയുടെ ഇൻവോയ്സ് സമർപ്പിച്ചിട്ടുള്ളതായും, മേൽ സാഹചര്യത്തിൽ തിയേറ്ററുകളിൽ Qube Cinema Technologies Pvt. Ltd പരസ്യം നൽകിയതിന് ചെലവായ തുകയായ ₹5,15,312/- (അഞ്ച് ലക്ഷത്തി പതിനയ്യായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) അനുവദിച്ച് പരാമർശം (1) പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, മെമ്പർ സെക്രട്ടറി നടപടി ക്രമം പുറപ്പെടുവിച്ചിരുന്നു.

2) UFO Moviez India Ltd-ൽ നിന്നും ദുരന്തവുമായി ബന്ധപ്പെട്ട് തിയേറ്ററുകളിൽ പരസ്യം നൽകുന്നതിന് പ്രൊപ്പോസൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തിയേറ്ററുകളിൽ ഉഷ്ണകാല ബോധവത്കരണം സംബന്ധിച്ച പരസ്യം പ്രദർശിപ്പിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തീരുമാനിക്കുകയും, പ്രസ്തുത പ്രൊപ്പോസലുകൾ പ്രകാരം 14 ദിവസത്തെ പ്രദർശനം അനുവദിച്ച് കൊണ്ട് UFO Moviez India Ltd-ന് വർക്ക് ഓർഡർ നൽകുകയും, ഷോകളുടെ പരിമിതമായ എണ്ണവും സ്ക്രീൻ നവീകരണ പ്രശ്നങ്ങളും കാരണം, സ്ക്രീനിംഗ് സമയത്ത് ചില സ്ക്രീനുകളിലുടനീളമുള്ള ചില സ്ലോട്ടുകൾ നഷ്ടമായതിനാൽ വർക്ക് ഓർഡർ മൂല്യത്തിൽ തന്നെ 2024 ഏപ്രിൽ 17-ന് മുൻപുള്ള ദിവസങ്ങളിൽ സ്ക്രീനിംഗ് നീട്ടാൻ അനുമതി അഭ്യർത്ഥിക്കുകയും, ആയത് പരിഗണിച്ച് 08/03/2024 മുതൽ 17/04/2024 തീയതി വരെയുള്ള ദിവസങ്ങളിൽ പരസ്യം

പ്രദർശിപ്പിക്കുകയും ആയതിന്റെ 14 ദിവസത്തെ പരസ്യം പ്രദർശിപ്പിച്ചതിന്റെ തുകയായ ₹6,09,850/-(ആറ് ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) അനുവദിച്ച് പരാമർശം (2) പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, മെമ്പർ സെക്രട്ടറി നടപടി ക്രമം പുറപ്പെടുവിച്ചിരുന്നു.

3) ഈ വിഷയം 26/04/2025 ൽ ചേർന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി പരിഗണിക്കുകയും, തിയേറ്ററുകളിൽ ഉഷ്ണകാല ബോധവത്കരണം സംബന്ധിച്ച പരസ്യം പ്രദർശിപ്പിക്കുന്നതിന് ചെലവായ 11,25,162/- (പതിനൊന്ന് ലക്ഷത്തി ഇരുപത്തയ്യായിരത്തി ഒരു നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) രൂപ അനുവദിച്ച നടപടി സാധൂകരിക്കുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിയേറ്ററുകളിൽ ഉഷ്ണകാല ബോധവത്കരണം സംബന്ധിച്ച പരസ്യം പ്രദര്ശിപ്പിക്കുന്നതിന് ചെലവായ 11,25,162/- രൂപ (പതിനൊന്ന് ലക്ഷത്തി ഇരുപത്തയ്യായിരത്തി ഒരു നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) SDMA യുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ടിൽ നിന്ന് അനുവദിച്ച മെമ്പർ സെക്രട്ടറി, KSDMA-യുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം,തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 03-07-2025 16:51:57
സെക്ഷൻ ഓഫീസർ